**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2556 | 14.02.2013-ൽ മറുപടിയ്ക്ക്

**കുട്ടനാട്ടിൽ ജലജന്യരോഗങ്ങൾ**

ചോദ്യം | മറുപടി

ശ്രീ. തോമസ് ചാണ്ടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) കുട്ടനാട്ടിൽ ജലജന്യരോഗങ്ങൾ പടർന്ന് പിടിക്കുന്നത് തടയുന്നതിന്, എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കുട്ടനാട്ടിൽ ജലജന്യരോഗങ്ങൾ പടരുന്നത് തടയാനായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1.എല്ലാ വാർഡുകളിലേയും ആരോഗ്യ ശുചിത്വ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്.<br>2. ദിനംപ്രതിയുള്ള റിപ്പോർട്ടിംഗ്, രോഗ നിരീക്ഷണ സംവിധാനം എന്നിവ പി.എച്ച്.സി. മുതൽ ജില്ലാതലം വരെ ശക്തമാക്കിയിട്ടുണ്ട്.<br>3. ക്ലോറിൻ ഗുളിക വിതരണം, ക്ലോറിനേഷൻ എന്നിവ വോളന്റിയർമാരുടെ സഹായത്തോടെ നടപ്പാക്കി വരുന്നു.<br>4. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന കൃത്യമായ ഇടവേളകളിൽ നടത്തുവാൻ ആരോഗ്യ പ്രവർത്തകർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്.<br>5. സോഡാ ഫാക്ടറികൾ, ഐസ് ഫാക്ടറികൾ, ഹോട്ടലുകൾ എന്നിവിടങ്ങളിലെ പരിശോധന കർശനമാക്കി ഭക്ഷണ ശുചിത്വം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>6.അവശ്യ മരുന്നുകൾ, ബ്ലീച്ചിംഗ് പൌഡർ, ക്ലോറിൻ ഗുളികകൾ, ഒ.ആർ.എസ്. എന്നിവയുടെ ലഭ്യത ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളിലും ഉറപ്പാക്കിയിട്ടുണ്ട്.<br>7. ജലജന്യ രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കുവാൻ പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതമായി നടപ്പാക്കാനും ഒരു വർഷം നീണ്ടു നിൽക്കുന്ന പകർച്ചവ്യാധി നിയന്ത്രണ പരിപാടിയുടെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് തലം മുതൽ ജില്ലാ തലം വരെ വിവിധ വകുപ്പുകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഇന്റർ സെക്ടൽ കോ-ഓർഡിനേഷൻ മീറ്റിംഗ് വിളിച്ചു ചേർക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) 2012-13 ൽ പ്രസ്തുത വിഷയത്തിൽ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കമോ ? | (ബി) 2012 ജനവരി 1 മുതൽ 2013 ഫെബ്രുവരി 7 വരെ കുട്ടനാട് മേഖലയിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട ജലജന്യ രോഗങ്ങൾ :<br>1. കോളറ - 1<br>2. ടൈഫോയിഡ് - 19<br>3. മഞ്ഞപ്പിത്തം - എ - 12<br>4. വയറിളക്ക രോഗങ്ങൾ - 2296<br>ജലഅനുബന്ധ രോഗങ്ങൾ :<br>എലിപ്പനി - 14 |

സെക്ഷൻ ഓഫീസർ